# M D SEMINARY HIGHER SECONDARY SCHOOL

KOTTAYAM

# WINGS

little KITEs



# Table of Contents

Little kites ... 7
Editorial Board ... 7
സന്ദേശം ... 9
സന്ദേശം ... 11
ആശംസകൾ ... 12
ആശംസ ... 13
സ്നേഹപൂർവ്വം ... 14
തകർച്ചയുടെ വക്കിലെത്തിയ ജീവിതം ... 17
മഴ വന്നേ! ... 19
... 20
പ്രളയത്തിൽ ആടിയ കേരളം ... 20
RUN BEHIND THE BALL ... 21
*ഇന്ത്യൻ ക്രിക്കറ്റിന്റെ തരംഗം* ... 23
വെള്ളപ്പൊക്കം ... 25
സുഹൃത്ത് ... 26
സ്നേഹം ... 27
സ്വപ്നം ... 28
ഗുരു ... 29
സിനിമയും ന്യൂജനറേഷനുംന്യൂജനറേഷന് ... 30
RASPBERRY PI ... 33
*സൗഹൃദം* ... 37
ഉറക്കെ പാടൂ ഭാരതഗാനം ... 39
ചരുത്രമുറങ്ങുന്ന നാട്ടിലൂടെ........ കോടമഞ്ഞിന്റെ നാട്ടിലൂടെ ... 40
ഒരു യാത്ര ... 40
നവനീതം ... 42
വായനയുടെ പ്രാധാന്യം ... 43
വളരാതിരിക്കുവില്ലയെങ്കിലും ... 44
ഞാൻ ഓടാനുള്ള കാരണം ... 45
സ്വപ്നത്തിന്റെ ശക്തി ... 48
വികൃതികൾ ബ്ലിം! ... 49
ഗ്രീൻ ലഷ് ... 50
ഒരു സാൻഡ്വിച്ച് ... 51
വയലിൻ മാന്ത്രികൻ ബാലഭാസ്കർ ... 52
*ഇന്ധനം* ... 56
ഒരു ഇവന്റ്വൽ മെറ്റാമോർഫോസിസ് ... 57
ഇപ്പോഴും കാത്തിരിക്കുന്നു ... 58
തലയുടെ ജ്ഞാനം ഹൃദയത്തിന്റെ ജ്ഞാനവും ... 59
നാളെ ചെയാനുള്ളത് ഇന്ന് ചെയുക ... 60
LITTLE KITES ... 61
GALLERY ... 61
LITTLE KITEs GALLERY ... 62
MOTHER EMPOWERMENT ... 62
ONAM ... 63

# Little kites

## Editorial Board



## Teachers

**MINI K KURAN**
**LINY JACOB**
**RAJANI JOY**
**LINU J**

## Students

**AMIL METHER**
**CHRISTO SHEN**
**JOSHUA BINU**
**DEVAGEETH K.S**
**P.S JOEL JACOB**
**ZENMON SABU**
**ABIN JUSTICE**
**ADITHYAN K.A**
**ARON PUNNEN**

# സന്ദേശം......



സന്തോഷം,സമാധാനം,വിജയം എന്നിവ യാദൃശ്ചികമായി വന്നു ചേരുന്നതല്ല.അവ നമ്മുടെ ചിന്തകളുടെയും പരിണിതഫലമാണ്.നമ്മുടെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതാണല്ലോ നാം വിജയം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.ലക്ഷ്യങ്ങൾ നവീകരിച്ചുകൊണ്ടിരിക്കണം,അതിനനുസൃതമായി നമ്മുടെ ചിന്തകളെയും പ്രവൃത്തികളെയും ക്രമീകരിക്കണം.ക്രിയാത്മകമായചിന്തകളിലൂടെയും,പ്രവൃത്തിക

ളിലൂടെയും  സന്തോഷകരമായ ജീവിതവും ശോഭനമായ ഭാവിയും നമുക്ക് സ്വന്തമാക്കാം.

ആദ്യപരിശ്രമത്തിൽ തന്നെ എല്ലാവരും വിജയികൾ ആകണമെന്നില്ല.എല്ലാ പരിശ്രമത്തിലും പരാജയപ്പെടുന്നവരും അപൂർവ്വമാണ്.വെല്ലുവിളികൾ നമ്മോടുതന്നെയാണ്നടത്തേണ്ടത്. പലപ്പോഴും നാം തിരിച്ചറിയാതെ പോകുന്ന ,എന്നാൽ നമ്മുടെ ഉള്ളിൽ തന്നെയുള്ള അഗ്നിയുണ്ട്.എന്തും നേടിയെടുക്കാൻ കരുത്തേകുന്ന അഗ്നി,ആ അഗ്നിയെ തിരിച്ചറിഞ്ഞ് ആളിക്കത്തിക്കുക എന്നതാണ് നാം ചെയ്യേണ്ടത്.ഒരിക്കലും അണയാതെ അതിനെ ജ്വലിപ്പിച്ചു കൊണ്ടേയിരിക്കുക.

നാം ആയിരിക്കുന്ന അവസ്ഥയിൽ എപ്പോഴും ദൈവത്തോട് നന്ദിയുള്ളവരായിരിക്കുക,നമുക്ക് ലഭിച്ച കരുതലുകളെ,അനുഗ്രഹങ്ങളെ ,നന്മകളെ ഓർ ക്കുക,അമിതമയ ആത്മവിശ്വാസം ഉപേക്ഷിക്കുക,കഴിവതും മറ്റുള്ളവരെ മുറിപ്പെടുത്തുന്നതിൽ നിന്ന് അകന്നുനിൽ ക്കുക,നാം നാമായിരിക്കുക.എല്ലാ തുരങ്കങ്ങളുടെയും അവസാനം പ്രകാശം ഉണ്ട്. മുന്നോട്ട് നടക്കുക. ജീവിതം മുന്നോട്ടാണ് നടന്നുകൊണ്ടിരിക്കു.സ്നേഹാശംസകളോടെ നിങ്ങളുടെ സ്വന്തം പ്രിൻസിപ്പൾ.     –റെജി എബ്രഹാം

## സന്ദേശം..........



എം.ഡി.സെമിനാരി.ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ഈ വർഷവും ഡിജിറ്റൽ മാഗസിൻ പ്രസിദ്ധികരിക്കുന്നതിൽ അതിയായി

സന്തോഷിക്കുന്നു.ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ് കൂടുതൽ നല്ല

പ്രവർത്തനങ്ങൾ തുടരട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കയും പ്രാർത്ഥിക്കയും ചെയ്യുന്നു

–സാജൻ.പി.വർക്കി

## ആശംസകൾ............



അറിവിന്റെ അനന്ത വിഹായസിലേക്ക് അനുസൃതം പറന്നുയരുന്ന എം.ഡി.സെമിനാരി.ഹയര് സെക്കന്ററി സ്കൂളിന്റെ കുഞ്ഞുപട്ടങ്ങള്ക്ക് എന്റെ എല്ലാ അനുമൊദനങ്ങള്

**S.I.T.C**

-രജനി ജോയി

# ആശംസ



പൊതു വിദ്യാഭ്യാസ രംഗത്തെ നൂതന സംരഭമായ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ മാറി വരുന്ന വിദ്യാഭയാസ രംഗത്തെ സാങ്കേതിക വളർ ച്ചയുടെമുന്നൊരുക്കമാണ്.വിദ്യാഭ്യാസത്തിലെ ഓരോ പ്രവർ-ത്തനങ്ങളും കുട്ടികളിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു.അപ്പോൾ അവരിലുള്ള നൈസർഗിക വാസനകളെ ശരിയായ രീതിയിൽ തിരിച്ചുവിടേണ്ടത് അദ്ധ്യാപകരുടെ ധർമ്മമാണ്.വിദ്യാഭ്യാസത്തിന് ആവശ്യമായ നൂതന സാങ്കേതിക വിദ്യകൾ ആർജ്ജിക്കുന്നതിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർ ത്തനങ്ങളുടെ ഭാഗമായി നിർമിച്ചിരിക്കുന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിന് കഠിനശ്രമം ആവശ്യമാണ്.നമ്മുടെ വിദ്യാലയ പ്രവർ ത്തനങ്ങളെ സമൂഹത്തിന്റെ മുമ്പിൽ എത്തിക്കാൻ അധ്വാനിച്ച സകല പ്രതിഭകൾക്കും ഒരായിരം നന്ദി ഹൃദയപൂർവം അർപ്പിച്ചുകൊണ്ട്

-ലിറ്റിൽ കൈറ്റസ് മിസ്ട്രസ് :

മിനി കെ കുര്യൻ,ലിനി ജേക്കബ്

## സ്നേഹപൂർവ്വം

അദ്ധ്യാപനത്തിന്റെ ഉദാത്ത മാതൃകകൾ സൃഷ്ടിച്ച അഞ്ച് ഗുരുശ്രേഷ്ഠർ നമ്മുടെ വിദ്യാലയത്തിന്റെ പടിയിറങ്ങുകയാണ്.തലമുറകളെ അജ്ഞാനാന്ധകാരത്തിൽ നിന്നും വിജ്ഞാന വെളിച്ചത്തിലേക്ക് നയിച്ച അനുപമ വ്യക്തിത്വങ്ങൾ.അക്ഷരങ്ങളെ കരുത്തും ഊർജവും ദർശനവും നിയോഗവുമാക്കി മാറ്റിയവർ. തങ്ങളുടെ കൈത്താങ്ങാക്കിലൂടെ നവ പ്രതിഭകളെ ഉയർത്തി കൊണ്ടുവരുവാനുള്ള സൃഷ്ടിപരമായ ദൗത്യം ഏറ്റെടുത്ത ധിഷണശാലികൾ .അറിവിനേയും ജീവിതാനുഭവങ്ങളെയും വാക്കുകളുടെ അഗ്നി സ്ഫുലിംഗങ്ങളിലൂടെ സൂര്യതേജസ്സാക്കി മാറ്റിയ ഈ അധ്യാപകർ നമ്മുടെ സരസ്വതി ക്ഷേത്രത്തോട് വിട പറയുന്ന വേളയിൽ എം.ഡി.കുടുംബത്തിന്റെ സ്നേഹത്തിൽ ചാലിച്ച യാത്രാമൊഴികൾ.



## *ലീനാ മാത്യു*

1990-ൽ ജോലിയിൽ പ്രവേശിച്ചു. പുതുപ്പാടി എം.ജി.എം.എച്ച്.എസ്.എസ്, തിരുവല്ല എം.ജി.എം.എച്ച്.എസ്.എസ്., കാത്തികപ്പള്ളി സെന്റ്. തോമസ് എച്ച്.എസ്.എസ്., പുതുശ്ശേരി എം.ജി.ഡി.എച്ച്.എസ്. എന്നീ വിദ്യാലയങ്ങളിൽ ജോലി ചെയ്തു. 2001-ൽ കോട്ടയം എം.ഡി.എസ്.എച്ച്.എസ്.എസ്.-ൽ അധ്യപികയായി.



# *റ്റിറ്റി ജോൺ*

1989-ൽജോലിയിൽ പ്രവേശിച്ചു. കിഴവള്ളൂർ സെന്റ്.ജോർജ് എച്ച്. എസ്.,പുതപ്പാടി എം.ജി.എം.എസ്.എസ്., തിരുവല്ല എം.ജി. എം.എച്ച്.എസ്എസ്.,വെണ്ണിക്കുളം സെന്റ് ബെഹന്നാൻ എച്ച്. എസ്.എസ്.എന്നീ വിദ്യലയങ്ങളിൽ ജോലി ചെയ്തു,2018-ൽ കോട്ടയം എം.ഡി.എസ്. എച്ച്.എസ്. എസ്-ൽ അധ്യാപികയായി.



# *സിനി മാത്യു*

1989-ൽ ജോലിയിൽ പ്രവേശിച്ചു.പുതുപാടി എം.ജി.എം.എച്ച്.എസ്.എസ്.,ചുങ്കത്തറ എം.പി.എം.എച്ച്.എസ്.എസ്.,പുത്തൻകാവ് മെട്രോപ്പോലീത്തൻ എച്ച്.എസ്.എസ്.,തഴക്കര എം.എസ്.എസ്.എച്ച്.എസ്.,വാകത്താനം ജെ.എം.എച്ച്.എസ്.എസ്.,എന്നീ വിദ്യാലയങ്ങളിൽ ജോലി ചെയ്തു, 2014-ൽ കോട്ടയം എം.ഡി.എസ്.എച്ച്.എസ്.എസ്-ൽ അധ്യാപികയായി.



## *എലിസബേത്ത് കുര്യാക്കോസ്*

1999-ൽ ജോലിയിൽ പ്രവേശിച്ചു.പുതുപ്പാടി എം.ജി.എം.എച്ച.എസ്.എസ്. ചുങ്കത്തറ, എം.പി.എം, എച്ച്..എസ്.എസ്, പുത്തൻകാവ് മെട്രോപ്പാലത്തീൻ എച്ച്.എസ്.എസ് , തഴക്കര എം.എസ്.എസ്.എച്ച്.എസ്, വാകത്താനം ജെ.എം.എച്ച്.എസ്.എസ്. എന്നീ വിദ്യാലയങ്ങളിൽ ജോലി ചെയ്തു, 2014-ൽ കോട്ടയം എം.ഡി.എസ്.എച്ച്.എസ്.എസ്-ൽ അദ്ധ്യാപികയായി.



## *സൂസി വറുഗീസ്*

1987-ൽ ജോലിയിൽ പ്രവേശിച്ചു.പുതുപ്പാടി എം.ജി.എം.എച്ച്.എസ്.എസ്, പുതുശേരി എം.ജി.ഡി.എച്ച്.എസ്.എന്നീ വിദ്യാലങ്ങളലിൽ ജോലി ചെയ്തു,2016-ൽ കോട്ടയം എം.ഡി.എസ്.എച്ച്.എസ്.എസ്-ൽ അധ്യാപികയായി.



# തകർച്ചയുടെ വക്കിലെത്തിയ ജീവിതം



ഇന്നത്തെ ജീവിതങ്ങൾ

മൊബൈലിലേക്ക് മാറുന്നു.വാട്ട്സ്

ആപ്പും ഫെയ്സ്ബുക്കും,

ട്വിറ്ററും,ഇൻസ്റ്റാഗ്രാമും

തുടങ്ങിയസോഷ്യൽ

മീഡിയകളിൽ ഉൾപ്പെട്ട് ജീവിക്കുന്ന അമ്മമാരും അഛൻമാരും കുട്ടികളും എവിടെ നോക്കിയാലും ചാറ്റിങ്ങും ചീറ്റിങ്ങുമായിതപ്പെടുന്ന ആളുകൾ. ദിവസങ്ങൾ  കൂടുംതോറും ഉപയോഗം കൂടികൂടി നെറ്റ് റീച്ചാർജ് ചെയ്ത് തകരുന്ന കുടുംബങ്ങൾ. കുടുംബത്തിന്റെ നാഥന്മാരായ  അച്ഛന്മാർ ഫോണിൽ കുത്ത് ! പിന്നങ്ങനെ  കുട്ടികൾ ഫോണിൽ കുത്താതിരിക്കും കുത്തി കുത്തി ആദ്യം തന്നെ കുട്ടികൾ നെറ്റ് തീർക്കും. അച്ഛൻമാരുടെ നെറ്റ് പെട്ടെന്ന് ഊറ്റിയെടുക്കും. കാലങ്ങൾ കഴിയും  തോറും പലതരം മൊബൈലുകളിലായി വിപണിയിൽ . എവിടെയെല്ലാം കുടുംബമുണ്ടോ അവിടെയെല്ലാം ഫോണായി മാറി. ഇതിനൊരു അറുതി വരുമെന്ന് തോന്നുന്നില്ല. ഫോണിന്റെ ഉപയോഗം മൂലം കുടുംബങ്ങൾ      തകരുന്നു. തകർച്ചയുടെ വക്കിൽ നിന്നും അപ്പോഴും ഫോണിൽ കുത്ത് തന്നെ. പണ്ടത്തെ ജീവിതമാണിതിനേക്കാളും മെച്ചം ; പണ്ടത്തെ ആളുകളാണിതിനെക്കാളും ഭേദം

-അർജ്ജുൻ അജിത്ത്

# മഴ വന്നേ!



പുതുമഴ പറന്ന പുതിയമഴ
പുതുമഴ വന്നെ മഴ വന്നേ
മഴയുടെ പൂരം പൊടിപൂരം
കാറ്റു ശക്തിയിൽ വീശുന്ന

തോടുകൾ നിറ നിറ നിറയുന്നു
ഇടിയും മിന്നലും ഉണ്ടായി
തോരമഴയായ് പെയ്യുന്നു

പുതുമഴ വന്നെ പുതുമഴ
ഭംഗിയാർന്നൊരു താളത്തിൽ
ചറ.....പറ പെയ്യും  മഴയാണെ
ശക്തിയാർന്നൊരു പെരുമഴയാണേ
പുതുമഴ അങ്ങനെ തകർത്തുപെയ്തു
പുതുമഴ വന്നേ മഴവന്നേ

-അലൻ കെ.പീറ്റർ

# പ്രളയത്തിൽ ആടിയ കേരളം

**മഹഭാരതഭൂവിന്റെ മണിത്തങ്ക ചിലങ്കയായി**

**നമ്മുടെ കേരളം.... കേരളം....**

**നമ്മുടെ ജന്മനാട്**

**മലയാളികൾക്കെന്നും അഭിമാനമായി**

**കേരളം നമ്മുടെ കേരളം**

**നോക്കു കുട്ടനാട്ടിൻ ഭംഗി**

**മൂന്നാറിന്റെ സുന്ദര ഭംഗി**

**എല്ലാം നിലച്ചുപോയി ആ....**

**മഹാ പ്രളയത്തിൽ നിലച്ചുപോയി**

**എല്ലാം നിലച്ചുപോയി**

**പ്രളയത്തിൽ ആടിയ കേരളം.**

**-അഭിനന്ദൻ പി. വി.**



# RUN BEHIND THE BALL



**Everyone loves to watch football. In every match we can see players moving with a ball. Each player's ultimate aim is to make a goal. One or two attempts may fall. Sometimes the ball would be taken by others. More attempts and he reaches his aim.**

**Our life is same as a football match. We run behind our goals And we have an ultimate aim. Many difficulties are in front of us which we have to face and overcome. The match is endless. The main thing we need is board work and determination. Everyone does not have equal opportunities. We get many instances to achieve our goals and we should utilize it closely.**

**Sometimes we might fail to take our pass but we shouldn't be disappointed. We should soar like a phoenix. We need to have our own aim and should not**

**be a doll under the control of others. If you have an aim everyone will support you.**
**Everyone should have an aim and should work for**




**achieving it. Don't look for shortcuts at the beginning. We may find it difficult but after achieving our goals we feel even more happy.**
**Like the goals in a football match, aim comes one after another. As we achieve our aim, don't stop there. See greater dreams and work to achieve it.**

-ANUPAMA GEORGE

# ഇന്ത്യൻ ക്രിക്കറ്റിന്റെ തരംഗം

രോഹിത് അയാളുടെ കരിയറിൻറ തുടക്കത്തിൽ വളരെ മോശമായിരുന്നു.



മധ്യനിരയിൽ വേണ്ടത്ര ശോഭിക്കാത്ത രോഹിതിന്റെ കഴിവിൽ വിശ്വസിച്ച് ഓപ്പണിങ്ങിൽ കൊണ്ട് വന്നത് എം. എസ്. ധോണി ആണ്. ലാസ്റ്റ് ബെഞ്ചിൽ വികൃതി കളിക്കുന്ന കുട്ടികളിൽ നിന്നും കഴിവുള്ളതിനെ എടുത്തു ചില ടീച്ചേഴ്സ് പിടിച്ചു മുൻ ബെഞ്ചിൽ ഇരുത്തും.
അലസത മാറാനും സ്വയം കഴിവ് തിരിച്ചറിയാനുമുള്ള ഏറ്റവും കുറഞ്ഞ ശിക്ഷ ആയിരുന്നു. അത് തന്നെ രോഹിത്തിന്റെ കാര്യത്തിലും സംഭവിച്ചു. മധ്യനിരയിൽ തന്നെ ആയിരുന്നെങ്കിൽ ഒരുപക്ഷെ ഡി.കെ  യെപോലെ അല്ലെങ്കിൽ റായിസുവിനെ  പോലെ എന്നെങ്കിലും കിട്ടുന്ന അവസരത്തിനായി കാത്തിരിക്കേണ്ട ഗതി തന്നെ ആവുമായിരുന്നു രോഹിത്തിനും. തന്നെ പിടിച്ചുയർത്തിയ കൈകൾ കൈവിടാൻ രോഹിത് തയ്യാറായിരുന്നില്ല.
ഏഷ്യകപ്പിലെ ചില നീക്കങ്ങൾ കാണുമ്പോൾ ധോണിയോടുള്ള ആദരവ് രോഹിത്തിൽ പ്രകടമായ് കാണാവുന്നതാണ്.
ക്യാപ്റ്റൻസിയിൽ 200 തികയ്ക്കാനുള്ള അവസരം സ്വയം ഒഴിഞ്ഞു മാറി മഹിയെ ഏല്പിച്ചപ്പോൾ അയാൾ ഒരുപാട് സന്തോഷിച്ചു കാണും. തന്റെ ഇഷ്ട പൊസിഷൻ മൂന്നാണെന്നു

അറിഞ്ഞുകൊണ്ട് 6-7 സ്ഥാനങ്ങളിൽ ബാറ്റ് ചെയ്തിരുന്ന മഹിയെ മുന്നോട്ടു ഉയർത്തി കൊണ്ടു വന്നതും ബംഗ്ലാദേശുമായുള്ള ആദ്യ മത്സരത്തിൽ ഒരു സെഞ്ചുറി അടിച്ച് ടീമിനെ ജയിപ്പിക്കാമായിരുന്നിട്ടും സിംഗിൾ എടുത്ത് സ്ട്രൈക് മാറി മഹിക് കൊടുക്കുന്നത് പോലെ തോന്നി.
ഫിനിഷർ തന്നെ ഫിനിഷ് ചെയ്യേണ്ടതാണ് നല്ലതെന്നു കരുതി. സ്ട്രൈക് കൈമാറുമ്പോളും അവസാനം വിജയത്തിന് രണ്ടു
റൺസ് അകലെ ആശാൻ ഔട്ടാവുമ്പോളും ഉള്ള മുഖഭാവം അത് വിളിച്ച് പറയുന്നുണ്ടായിരുന്നു. പാക്കിസ്ഥാനുമായുള്ള രണ്ടാം മത്സരത്തിൽ ധവാൻ തുടക്കം മുതൽ ആക്രമിച്ചു കളിച്ചു ടീമിനെ മുന്നോട്ടു നയിച്ചപ്പോൾ രോഹിത് ഉത്തരവാദിത്വത്തോടെ നിലയുറപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഒടുവിൽ ഒരു മിസ്സ് അണ്ടർ സ്റ്റാൻഡിങ്ങിൽ ധവാൻ ഔട്ടായപ്പോളും അയാൾ അർഹിച്ച മാൻ ഓഫ് ദ മാച്ച് തനിക്ക് കിട്ടരുതെന്നു കരുതി സ്കോർ ഉയരാതെ ശ്രദ്ധിക്കുന്നത് കണ്ടു. അല്ലെങ്കിൽ സെഞ്ചുറി കഴിഞ്ഞാൽ കളി 3 ബൗളിൽ തീർക്കാമായിരുന്നു. അവസാന മത്സരത്തിലും അയാൾ സ്വാർത്ഥനായിരുന്നെങ്കിൽ ധവാനെ മാറ്റി നിർത്തി സ്വയം ഇറങ്ങി ഒരു ഫിഫ്റ്റി അടിച്ചാൽ ഏഷ്യകപ്പിലെ ടോപ്പ് സ്കോർ ആവാൻ സാധിക്കുമായിരുന്നു. അവിടെയും മാറി നിന്ന് എല്ലാവരെയും വിസ്മയിപ്പിച്ചു. അഫ്ഗാനിസ്ഥാനെതിരെ ഉള്ള അവസാന മത്സരത്തിൽ ഫൈനൽ ഉറപ്പിച്ചിട്ടും കളിയിൽ നിന്ന് മാറി നിന്നിട്ടും അവസാന ഓവറിൽ വെള്ളവുമായി അയാൾ ജഡേജയുടെ അടുത്തും എത്തി.



കാരണം അയാളെ ഏല്പ്പിച്ച ഉത്തരവാദിത്വം ഭംഗിയായി നിർവഹിച്ചു. തിരിച്ച് ഏല്ലപ്പിക്കണം  എന്ന് കരുതി കാണും. ഇതൊക്കെ നമുക്ക് നിസ്സാരമയി തള്ളികളയാമെങ്കിലും കൂടെ കളിക്കുന്ന സഹ കളിക്കാരുടെ മനം കവർന്നാൽ പിന്നെ അവർ അവരുടെ കഴിവ് പരമാവധി പുറത്തു കൊണ്ടുവരും. ഒരു ക്യാപ്റ്റൻ എന്ന നിലയിൽ ആദ്യം ചെയ്യേണ്ട ചില കടമകൾ മാത്രമാണ് അയാൾ ചെയ്യതും. ചിലപ്പോൾ ഇതൊക്കെ എല്ലാവർക്കും അംഗീകരിക്കാൻ പ്രയാസമായിരിക്കും. എങ്കിലും ചിലരെങ്കിലും ഇങ്ങനെ ചിന്തിച്ചവർ ഉണ്ടാവാം.

നിവ്യ ഇഗ്നാത്തിയോസ്

## വെള്ളപൊക്കം



കരപ്രദേശങ്ങളിൽ വെള്ളം ക്രമാതീതമായി വർദ്ധിക്കുന്നതിനെ വെള്ളപ്പൊക്കം എന്നു പറയുന്നു. ഇത് പലവിധ കാരണങ്ങളാൽ സംഭവിക്കാറുണ്ട്. പ്രകൃതിക്ഷോഭമാണിതിൽ പ്രധാനപ്പെട്ടത്. അതായത് മഹാമാരി, ഉരുൾപൊട്ടൽ, വേലിയേറ്റം, മഞ്ഞുരുകൽ, സുനാമി തുടങ്ങിയവ. ജലസംഭരണികളിൽ കൂടുതൽ ജലം നിറയുന്നതോടെ അണക്കെട്ടിന്റെ സംരക്ഷണാർത്ഥം അധികമുള്ള ജലത്തെ തുറന്നു വിട്ടാലും വെള്ളപ്പൊക്കം ഉണ്ടാകാം. വെള്ളപ്പൊക്കം മൂലം താഴ്ന്ന പ്രദേശങ്ങളിലെ കൃഷി നശിക്കുകയും ഗതാഗതം സംവിധാനങ്ങൾ തടസ്സപ്പെടുകയും ചെയ്യുന്നതോടൊപ്പം വീടുകൾക്കും വ്യവസായശാലകൾക്കും കനത്ത നാശനഷ്ടങ്ങൾ സംഭവിക്കുകയും

ചെയ്യുന്നു. വാർത്താവിനിമയംകൂടി തടസ്സപ്പെടുന്നതോടെ ജന ജീവിതം താറുമാറാകുന്നു. എന്നാൽ വെള്ളപ്പൊക്കത്തിന്റെ ഫലമായി താഴ്ന്ന പ്രദേശങ്ങളിലെ കൃഷി ഭൂമി എക്കൽ മണ്ണടിഞ്ഞ് ഫലഭൂയിഷ്ഠമാകാറുണ്ട്.

**ആമിൽ മേത്തർ**

# സുഹൃത്ത്

ഒരു മഴക്കാലത്ത് നമ്മൾ കണ്ടുമുട്ടി
അന്നുമുതൽ നീ സ്നേഹത്തിൻ
നിറകുടമായ് എന്നിൽ വന്നണഞ്ഞു
സന്തോഷത്തിലും സങ്കടത്തിലും ഒന്നായ്




എൻസ്വപനങ്ങളെ
നിറവേറ്റുവാൻ
നിന്റെ നേത്രങ്ങളിൽ എ
ന്റെ മുഖം ഞാൻ
ഇതാ ഈ
ഗ്രീഷ്മക്കാലത്തിൽ
നമ്മൾ

ഇന്ന് നാം പിരിഞ്ഞാലും
ഇനിയും കണ്ടുമുട്ടും



അന്ന് നമ്മെ പിരിക്കുവാൻ ഒരു കാലത്തിനും സാധിക്കില്ല

ജീവൻ ബെന്നി

# സ്നേഹം

സ്നേഹത്തിൽ നിന്നുദിക്കുന്ന ലോകം
സ്നേഹത്താൽ
സമ്പന്നമാകുന്നു
സ്നേഹമില്ലെങ്കിൽ
ലോകമില്ല
ജീവന്റെ അംശം
ഭൂമിയിലുള്ളവരെയും
സ്നേഹം,ഹാ സ്നേഹമുണ്ട്.
സ്നേഹം സുഗന്ധമുള്ള
പുഷ്പമായി
മനസ്സിൽ വീണുകിടക്കുന്നു





സ്നേഹത്താൽ നിത്യതയിലും
നാം ഒരുമിക്കുന്നു
നന്മയുള്ളിടത്ത് സ്നേഹം
പരക്കുന്നു
കടലാകുന്ന സ്നേഹം
അവസാനിക്കുന്നുമില്ല

-അബി കുരുവിള

# സ്വപ്നം

ചുവന്ന പനിനീർപ്പൂക്കൾ
നെഞ്ചിലേറ്റിയത്
വ്യർത്ഥമായ സ്വപ്നങ്ങളായിരുന്നു
ചെന്നിറം പൂണ്ട കിനാക്കളുടെ വേനൽ
ച്ചൂടിൽ
ഉരുകിയറങ്ങിയത് ഹൃദയ
രക്തമായിരുന്നു
കിനാക്കളുടെ ശോണിമയിൽ
ഇതളുകൾ പൊഴിഞ്ഞതോ
വേനൽ ചൂടിൽ ഊഷരമായ ഭൂമിയിലും
എങ്കിലും സ്വപ്നങ്ങളുടെ താഴ്വരയിലെ
വേനൽച്ചൂടിനും ഹിമബിന്ദുവിന്റെ
നനവായിരുന്നു

കാർത്തിക സുരേഷ്

# ഗുരു

ഇരുട്ടിന   പാതയിലെക്കു നോക്കി ഞാൻ
നോക്കി നോക്കി നിൽക്കെ
കണ്ടു ഞാൻ ആ ദീപം
ഗിരിമുകളിലെ ആ ദീപം

എന്നെ കൈ പിടിച്ചുയർത്തിയ ദീപം
എന്നെ സത്യത്തിലേക്കു നയിച്ച വിളക്ക്
ആദ്യാക്ഷരം പറഞ്ഞുതന്നു താൻ
മക്കളായി കരുതി ഞങ്ങളെ
ജീവിതമാം പാഠപുസ്തകം
തുറന്നു ഞങ്ങൾക്കായ്
ആ പാഠപുസ്തകം എന്നും ജീവിക്കും
എൻ മനസ്സിലും എൻ ജീവിതത്തിലും
-ജറിൻ തോമസ്

# സിനിമയും ന്യൂജനറേഷനുംന്യൂജനറേഷന്

ഇരുപതാം നൂറ്റാണ്ടിന്റെ കല എന്നു
വിശേഷിപ്പിക്കപ്പെട്ട ഒന്നാണ് സിനിമ. അത് ഈ
നൂറ്റാണ്ടിലും കൂടുതൽ വിസ്മയം സമ്മാനിച്ച്
തുടരുകയാണ്. മറ്റു പല കളകലും അന്യം നിന്നു
പോയപ്പോൽ സിനിമയുടെ പ്രഭാവം വർ
ദ്ധിക്കുന്നതിന്റെ
രഹസ്യം,അത്ശാസ്ത്രസാങ്കേതികവിദ്യകളെ

ഉപയോഗപ്പെടുത്തുന്ന കലയാണ്
എന്നതുകൊണ്ടാകാം.പ്രമേയ സ്വീകരണത്തിലും
ആഖ്യാനത്തിലുമെല്ലാം സിനിമ പുതിയ
പരീക്ഷണങ്ങൾക്ക്
വേദിയായിട്ടുണ്ട്. അതെല്ലാം സിനിമ എന്ന കലയെ
പുതുമയോടെ പ്രേക്ഷക ശ്രദ്ധയിൽ നിലനിർത്താൻ
സഹായിച്ചിട്ടുണ്ട്. ലോകത്തെ ആദ്യ സിനിമ 1896-
ലാണ് പ്രദർശിപ്പിക്കപ്പെട്ടത് . ലൂമിയർ
സഹോദരന്മാർ നിർമ്മിച്ച ചിത്രമായിരുന്നു അത്.

സിനിമ എന്ന കലയുടെ ഉപജ്ഞാതക്കളായി അവരെ ഗണിച്ചുവരുന്നു. ഒട്ടേറെ
 പുതുമകൾ പരീക്ഷിക്കുന്നവയാണ് ന്യൂജനറേഷൻ സിനിമ
ൾ,പ്രമേയം,സാങ്കേതികത,കഥാപാത്രസ്വീകരണം, നടീനടന്മാർ,അവതരണ രീതി തുടങ്ങിയവയെല്ലാം തന്നെ പാരമ്പര്യ സിനിമാസങ്കലപ്പനങ്ങളെ തകിടം മറിക്കുന്നതായി കാണാം. ജീവിതത്തെ ആകെ നോക്കി കാണാതെ ഏതെങ്കിലും ഒരു സന്ദർഭത്തെ മാത്രം അടിസ്ഥാനമാക്കിയാണ് ഇത്തരം ചിത്രങ്ങൾ ഉണ്ടാക്കപ്പെടുന്നത്.
ഒട്ടേറെ പുതുമകൾ ഉള്ളപ്പോൾ തന്നെ, ഒട്ടേറെ പഴികളും കേൾക്കേണ്ടിവരുന്നു, ന്യൂജനറേഷൻ സിനിമകൾക്ക്. നമ്മുടെ സംസ്കാരത്തെ നശിപ്പിക്കുന്നു എന്നാണ് ഒരു പ്രധാന പരാതി. ജീവിതത്തെ അത് പ്രതിനിധാനം ചെയ്യുന്നില്ലെന്നും പറയപ്പെടാറുണ്ട്. സർഗാത്മകതയ്ക്ക് പകരം സാങ്കേതികതയുടെ ഉപയോഗമാണ് ഇന്നത്തെ സിനിമകളിൽ ഉള്ളത് എന്നൊരു പരിഭവവും ഉണ്ട്. മനുഷ്യബന്ധങ്ങളിലെ തീവ്രത, സഹോദര്യം തുടങ്ങിയ മൂല്യങ്ങൾക്ക് പ്രാധാന്യം കൽ

പ്പിക്കാത്തവയാണ് ഇന്നത്തെ സിനിമകൾ എന്ന വാദഗതിയും ഉണ്ട്. പഴയ സിനിമകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ ആരോപണങ്ങൾ ശരിയാണ്. എന്നാൽ, ന്യൂജനറേഷൻ സിനിമകൾ പുതിയൊരു ഭാവുകത്വം സൃഷ്ടിച്ചിരിക്കുന്നു എന്നത് കാണാതെ പോകരുത്. പുതിയ തലമുറ പഴയ തലമുറയിൽ നിന്നും ഏറെ വിഭിന്നമാണ്. അരാഷ്ട്രീയത,സംസ്കാരിക അവബോധമില്ലായ്മ, അജ്ഞത എന്നിങ്ങനെ നിരവധി ഘടകങ്ങളാൽ അവർ ഭിന്നരാണ്. ശാസ്ത്രത്തിന്റെ വികാസവും കണ്ടുപിടിത്തങ്ങളുമെല്ലാം കൂടുതൽ ഉപയുക്തമാക്കാൻ കഴിയുന്ന തലമുറ കൂടിയാണിത്. എങ്ങനെയും പണമുണ്ടാക്കുക എന്ന ചിന്തയ്ക്കപ്പുറം അവർക്കൊന്നുമില്ല. വൈദേശിക സംസ്കാരത്തെ അവർക്ക് തൊട്ടടുത്ത തലമുറ കാണിച്ച താൽ പര്യമാണ് അവരെ ഇപ്രകാരമാക്കിയത്.അവരുടെ ജീവിതാനുഭവങ്ങളുടെ പ്രതിഫലനമാണ് സിനിമയുടെ മാറ്റത്തിനും കാരണമെന്നതിൽ അത്ഭുതപ്പെടാനില്ല.

-വന്ദന പി.ബിജു

# RASPBERRY PI

*The Raspberry Pi is a series of small single-board computers developed in the United Kingdom by the Raspberry Pi Foundation to promote teaching of basic computer science in schools and in developing countries. It credit-card sized computer that plugs into a computer monitor or TV, and uses a standard keyboard and mouse. Raspberry Pi has the ability to interact with the outside world and has been used in a wide array of digital maker projects, from music machines and parent detectors to weather stations and tweeting birdhouses with infra-red cameras.*



*The Raspberry Pi Foundation is based in the UK. The speed and performance of the new Raspberry Pi 4 is a step up from earlier models. The fan less, energy-efficient Raspberry Pi runs silently and uses far less power than other computers. Raspberry Pi 4 has upgraded USB capacity: along with two USB 2 ports you'll find two USB 3 ports, which can transfer data up to ten times faster.*



*For using Raspberry Pi, we would need a bunch of Raspberry Pi equipments:*

- *A 15W USB power supply – we recommend the official Raspberry Pi USB Power Supply*
- *A microSD card loaded with NOOBS, the software that installs the operating system (buy a pre-loaded SD card along with your Raspberry Pi, or download NOOBS to load a card yourself)*

- *A keyboard and mouse*
- *Cables to connect to one or two displays via Raspberry Pi 4's micro HDMI ports*

| | |
|---|---|
| *Also known as* | *RPi* |
| *Release date* | • *24February 2012; 7 years ago (Original)*<br>• *24June 2019; 6 months ago (Current)* |
| | *:US $35 - (1 GB),*<br>*US $45 – (2GB),US$55 - (4 GB)* |
| *Ports* | *HDMI, DISPLAY,* |
| Operating system | *Ubuntu*<br>*FreeBSD*<br>*Linux*<br>*NetBSD*<br>*OpenBSD*<br>*Plan 9*<br>*RISCOS*<br>*Windows 10 ARM64*<br>*Windows 10 IoT Core* |
| *CPU* | *1.5 GHz 64/32-bit quad-core ARM Cortex-A72* |
| *Memory* | *1, 2, or 4 GB LPDDR4-3200 RAM* |
| *Storage* | *MicroSD slot* |
| *Graphics* | *Broadloom Video Core VI 500MHz* |
| *Power* | *5V 3A (for full power delivery to USB devices)* |
| *Website* | *raspberry pi* |



*–CHRISTO SHEN MATHEW*

# സൗഹൃദം



കലാലയ ജീവതം
എലാവർക്കും സന്തോഷം
നൽകുന്ന നാളുകളാണ്
എന്തുകൊണ്ടാണ് ഇത്ര
സന്തോഷപ്രദമായത്?
ഉത്തരം എല്ലാവർക്കുമറിയാം
സൗഹൃദം
സുഹൃത്തുക്കളില്ലാത്ത
കലാലയത്തെക്കുറിച്ച്
ചിന്തിച്ചുനോക്കു....ചില
പ്പോൽ ആരും തന്നെ
ഇവിടേക്ക് വരുകേയില്ല
സൗഹൃദം കലായത്തിൽ
വരുവാനും സമയ ചിലവിടാനും
നമ്മെ പ്രേരിപ്പിക്കുന്ന
കലാലയ ജീവിതത്തിന് ജീവന്റെ
ത്തുടിപ്പേകാൻ ദൈവം നമകേറിയ വരദാനമാണ്
സൗഹൃദം പരസ്പര വിശ്വാസമാണ്



സൗഹൃദയത്തിന്റെ അടിസ്ഥാം
സുഹൃദ്ബന്ധം മൂന്നുകാര്യങ്ങളെ
മുന്നിട്ടു കാണിക്കുന്നു സ്നേഹിതന്റെമനസ്സിനെ ജയിക്കുക

മനസ്സിന്റെ  സ്വാർത്ഥത വേരോടെ കളയുന്നുദുഖവും
 പരസ്പരം സന്തോഷവും ദുഖവും പങ്കു ചേരുന്നു
സൗഹൃദത്തിൽ ഒരിക്കലും രണ്ടു
വഴികളില്ല ഒരൊറ്റ വരികളിലൂടെ
സുഹൃത്തുക്കൾ കൈകോർത്ത് നീങ്ങും
സൗഹൃദം ഒരു മത്സരമല്ല
അതിൽ തോൽവിയോ ജയമോ ഇല്ല
അതൊരു ഉണർവാണ്
നമുക്ക് നമ്മളേക്കാളേറേ
മറ്റോരെയോ ശ്രദ്ധിക്കാനുണ്ടെന്ന
ഉണർവ് ഒരുയഥാർത്ഥ
സൗഹൃദം ഉണ്ടാവണമെങ്കിൽ
ആദ്യം നല്ല സുഹൃത്താവാൻ ശ്രമിക്കണം
മറ്റുള്ളവരെ കുറ്റപെടുത്തു
ന്നതിനു മുൻപ് സ്വയം ഒരു
നല്ല സുഹൃത്തിനുള്ള ഗുണം
ഉണ്ടോ എന്നു ചിന്തിക്കണം
സുഹൃത്തുക്കൾ എന്നത്
കരിക്കട്ടകൾക്കിടയിലെ വജ്രങ്ങളാണ്
സുഹൃത്തുക്കൾ എത്ര അകലെ

യാണെങ്കലും ശരിയായ സൗഹൃദം
വളരുകയല്ലാതെ തളരുകയില്ല
ജീവിതത്തിന്റെ ഭാഗമായി
അതു അവശേഷിക്കും -ആമിൽ മേത്തർ

## ഉറക്കെ പാടൂ ഭാരതഗാനം

ജന്മ കാരിണി ഭാരതം ആ......
കർമ്മമേദിനി ഭാരതം

ജന്മകാരിണി ഭാരതം ആ......
കർമ്മമേദിനി ഭാരതം
നമ്മളാംജനകോടിതൻ അമ്മയാകിയഭാരതം
ജന്മകാരിണി ഭാരതം ആ......
കർമ്മമേദിനി ഭാരതം.
തലയിൽ മഞ്ഞണി മാമല ചൂടിയ തങ്കക്കിരീടവും
ഉടലിൽ സസ്യ ശ്യാമള ശ്യാന്തള കോമള കഞ്ചുകവും
കഴുത്തിൽ നാനാ നദികൾ ചാർത്തിയ പൊന്മണി
മാലകളും
കാണുക കാണുക ജന്മഭൂവിൽ കോമള മലർമേനി
ജന്മകാരിണി ഭാരതം ആ......
കർമ്മമേദിനി ഭാരതം -ശ്രീനന്ദൻ .എം.എസ

# ചരുത്രമുറങ്ങുന്ന നാട്ടിലൂടെ........ കോടമഞ്ഞിന്റെ നാട്ടിലൂടെ.....

## ഒരു യാത്ര....




2018 ഒക്ടോബർ 10-ാം തീയ്യതി വൈകുന്നേരം 5:30 ന് ഞങ്ങൾ 22 അദ്ധ്യാരകരും 328 കുട്ടികളും അടങ്ങുന്ന ഒരു സംഘം M.D.S.H.S.S ൽ നിന്ന് ഏഴു ബസ്സുകളിലായി വിനോദയാത്ര പുറപ്പെട്ടു.ഊട്ടി,മൈസൂർ,എന്നിവിടങ്ങളിലേക്കായുരുന്നു ഞങ്ങളുടെ യാത്ര.ഈ യാത്രയ്ക്ക് ഒരു പ്രത്യേകത കൂടി ഏണ്ടായിരുന്നു. റിട്ടയർ ആകുന്ന ഏഴു ടീച്ചർമാരിൽ ആറു പേരും ഈ സംഘത്തിൽ ഉണ്ടായുരുന്നു.(റീനി ടീച്ചർ,,ലേഖ ടീച്ചർ,അനിത ടീച്ചർ,സൂസന് ടീച്ചര,ആനി ടീച്ചർ,അനില ടീച്ചർ)കുടുംബപരമായ ചില അസൗകര്യങ്ങളാൽ റേ ടീച്ചർ ഞങ്ങളുടെ സംഘത്തിൽ ഇല്ലായുരുന്നു.ഏകദേശം രാത്രി 8:30 ആയപ്പോൾ ഞങ്ങൾ തൃശ്ശൂർ അടുത്ത് കറുകുറ്റി എത്തി.വിശപ്പിന് ശമനം വരുത്തി എല്ലാവരും ബസിൽ കയറി.കുട്ടികളുടെ എല്ലാവരുടെയും പാട്ടും മേളവിമായി രാത്രി നീങ്ങിക്കൊണ്ടിരുന്നു.വെളുപ്പിന് 4 മണി ആയപ്പോൾ ഗുഡല്ലൂർ എത്തി.അവിടെ ഒരു ഹോട്ടലിൽ എല്ലാവർക്കും വിശ്രമിക്കാനും പ്രഭാതകൃത്യങ്ങൾ നിർവഹിക്കാനും ഉള്ള സൗകര്യങ്ങൾ ഒരുക്കിയിരുന്നു.അവിടുന്ന് കിട്ടിയ ഒരു ഗ്ലാസ്സ് ചായ എല്ലാവർക്കും ഒരു പുതിയ ഉന്മേഷം പകർന്നു.11-ാം തീയ്യതി വ്യാഴാഴ്ച്ച രാവിലെ 6 മണിയായപ്പോൾ മൈസൂർ ബഡിപ്പൂർ വനാന്തരങ്ങളിലേക്ക് പ്രവേശിക്കുന്ന കവാടം തുറന്നു കിട്ടി.ഇരുവശവും വനാന്തരവും നടുവിലൂടെയുള്ള പാതയിലൂടെ ഞങ്ങ്ശുടെ ബസ് നീങ്ങിത്തുടങ്ങി. ഇരുവശങ്ങളിലുമുള്ള കാഴ്ച കുട്ടികൾക്ക് ഹരമായിരുന്നു.ഞാനും നിശ്ശബ്ദമായിരുന്ന് വനത്തിന്റെ സൗന്ദര്യം ആവോളം ആസ്വദിച്ചു.കൗതുകത്തോടെ നമ്മെ നോക്കുന്ന വാനരന്മാരും പേടിച്ചരണ്ട മാൻ പേടകളും കണ്ണിന് കുളിർമ്മ പകർന്നു. ആനക്കൂട്ടങ്ങളും മയിലുകളും കണ്ണിന് ഇമ്പം പകർന്നു. ഒറ്റയാൻമാര് വഴിയിൽ മാർഗ്ഗതടസ്സം ഉണ്ടാക്കുമോ എന്ന ഒരു ഭീതി എന്റെ മനസ്സിലുണ്ടായുരുനന്നു.ഒരു തടസ്സവും ഉണ്ടായില്ല. കാട്ടിലെ മരമുത്തശ്ശിമാരും വള്ളികളും ഇലകളും കൊണ്ടുള്ള മനോഹരമായ കുടിലുകലൾ

പോലെ തോന്നിച്ച ഭാഗങ്ങളിൽ ഇറങ്ങി വനത്തിൻെ ഭംഗി ആസ്വദിച്ചോലോ എന്നു തോന്നിപ്പോയി. കാനന ഭംഗികൾ കണ്ടുമയങ്ങി
8:30-ന് രാവിലെ ഞങ്ങൾ മൈസൂറിലെത്തി .അവിടെ ഒരു ഹോട്ടലൂൽ കുളിച്ച് വസ്ത്രം മാറാനുള്ള സൗകരിയങ്ങൾ ഒരുക്കിയിരുന്നു. പ്രഭാത ഭക്ഷണത്തിനുശേഷം എല്ലാവരും മൈസൂർ കാഴ്ചബംഗ്ലാവിലേക്ക് പോയി. കിലേമീറ്ററുകളുടെ നടത്തമുണ്ടായുരുന്നു.ഡിസൈനൻ ഡ്രസ്സ് ധരിച്ചപോലെ തലയെടുപ്പോടെ ഗമയിൽ നിൽക്കുന്ന ജിറാഫുകൾ,ബല്ലി ഡാൻസുകാരികളെ അനുസ്മരുപ്പിക്കുന്ന ഒട്ടകപ്പക്ഷികൾ ർ,സൗന്ദര്യത്തിൽ മറ്റാരേയും വെല്ലുന്ന



വർണ്ണപ്പകിട്ടുള്ള പലതരം പക്ഷികൾ, സായിപ്പിന്റെ കവാടത്തിനെ അനുസ്മരിപ്പിക്കുന്ന കടുവ,ആൾക്കുരങ്ങിന്റെ ഒരു കുടുംബം നിശ്ശബദ്മായി ഞങ്ങളെ നോക്കിയിരിക്കുന്ന കാഴ്ച പുരാതന കാലത്തിലേക്ക് ഓർമ്മകളെ കൊണ്ടുപോയി.നമ്മുടെ പിതമഹൻമാരല്ലേ അവർ. കിലോമീറ്ററുകൾ നടന്നെങ്കിലും എല്ലായിടത്തും മൃഗങ്ങളെ കാണാൻ കഴിഞ്ഞില്ല. ഒഴിഞ്ഞ കിടങ്ങുകളും ജലാശയങ്ങളും നമ്മുടെ കാഴ്ചയ്ക്ക് മങ്ങലേൽപ്പിക്കുന്നു. ഏകദേശം ഒരു മണിയായപ്പോൾ ഉച്ചഭക്ഷണത്തിനായി എല്ലാവരും ഒത്തുച്ചോർന്നു.ഊണു കഴിച്ച് എല്ലാവരും ഇറങ്ങിയപ്പോൾ 2:30 ആയി. അവിടുന്ന് ടിപ്പുസുൽത്താൻ എന്ന ചരിത്രപുരുഷന്റെ ഓർമ്മകളിലേക്ക് ചേക്കേറി, ആ മഹാന്റെ ഓർമ്മകളിലേകളിലൂടെ സമ്മർപാലസീലേക്ക്. തന്റെ വിശ്രമസ്ഥലമായ ആ പാലസ് - പഴയ ചപിത്രത്തിലേക്ക് ഒരു തിരിച്ചു പോക്ക്.മനോഹരമായ ചുവർചിത്രങ്ങൾ പകുതിയും ഇളകി നഷ്ടമായിട്ടുണ്ട്.നൂറ്റാണ്ടുകൾ മുൻപുള്ള ആ കലാഭംഗി കണ്ടാൽ അന്നത്തെ ശില്പികളെ എത്ര പുകഴ്ത്തിയാലും മതിയാവില്ല. അദ്ദേഹം ഉപയോഗിച്ചിരുന്ന
സിംഹാസനവും ,ഊണുമേശകളും,കസേരകളും എല്ലാം പഴയ കാല സമൃതിയിലേക്ക് ഒരു നിമിഷം നമ്മെ കൊണ്ടുപോകും .അവിടുത്തെ കാഴിചകൾക്ക് വിരാമമിട്ടുകൊണ്ട് വീണ്ടും ബസ്സിലേക്ക്.

**-അനില ജേക്കബ്**

# നവനീതം

കാതിനൊരിമ്പമായിരുന്നാ സ്വരം
കണ്ണിനൊരാനന്ദമായിരുന്നാ മുകഖം
കണ്ടിരിക്കാനായി കൊതിക്കുന്നൊരാംവിധം
വല്ലാതെ ഞാൻ നിന്നെ സ്നേഹിച്ചിരുന്നു
ഏകയായ് ഇന്നു ഞാനലയുന്ന നേരത്ത്മൂകമായ്
വന്നെന്നെയുണർത്തുന്നു നീ
ഏതൊരു പാത നാം ഏറെയണഞ്ഞുവോ
ആ പാതയിലിന്നു ഞാനേകാകിയോ
നിന്നിലെന്നുമുണ്ടാവുന്ന കൗതുകം
എന്നുമതങ്ങനെ തനെവേണം ആ
കള്ളനോട്ടത്തിലുളവാകും സ്നേഹം
എന്നുമതങ്ങനെയുണ്ടാവണംനിന്റെ ആ
പ്രസന്നമാംവന്ദനം കാണുമ്പോൾ
ഉള്ളിലെ നൊമ്പരമില്ലാതെയാവും
ഇന്നങ്ങു ദൂരെ നീമാഞ്ഞാലുമെന്നും
ആ മുഖം ഉള്ളിലെ തീയായ് ആളും
അകലുന്നൊരീവേളിയിൽ നമ്മിലെല്ലാം
നിറയേണ്ടതോ സ്നേഹമൊന്നുമാത്രം
ഇനിയുള്ള ജീവിതപാതയിലെല്ലാം
കൂടെയുണ്ടാവേണം നവനീതം

-സിയാമോള്

# വായനയുടെ പ്രാധാന്യം

മനസ്സിന്റെ വളർച്ചയ്ക്ക് അത്യാവശ്യം വേണ്ട വായുനാണ് വായന. ആഹാരം നമ്മുടെ ശരിരത്തെ വളർത്തുമ്പോൾ, വായന നമ്മുടെ മനസ്സിനെ വളർത്തുന്നു. ശരീരവും മനസ്സും ഒപ്പത്തിനൊപ്പം വളർന്നാലേ നമ്മൾ കാര്യപ്രാപ്തിയും കഴിവവും ഭാവനയുമുള്ള ഉത്തമപൗരനായി തീരുകയുള്ളൂ. രണ്ടു തരം വായനകളെങ്കിലും കുട്ടികളായ നമ്മൾ അത്യാവശ്യം നടത്തേണ്ടതുണ്ട്.

. പാഠപുസ്തകങ്ങളുടെ വായന

. പത്രവായന

പാഠപുസ്തകങ്ങൾ വായിക്കുമ്പോൾ നമ്മൾ പല ഭാഷകൾ പഠിക്കുന്നു, ചരിത്രം, ഭൂമിശാസ്ത്രം, സാമൂഹ്യസാസ്ത്രം തുടങ്ങിയവയും പഠിക്കുന്നു. എന്നാൽ മനസ്സിന്റെ വളർച്ചയ്ക്ക് ഈ അറിവുകൾ മാത്രം പോര. എത്രയെത്ര പുതിയ കാര്യങ്ങളാണ് നമ്മുക്കുചുറ്റും നിത്യേന സംഭവിച്ചുകൊണ്ടിരിക്കുന്നത്. നമ്മുക്കുചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ചൂടോടെ അറിയാനും പ്രതികരിക്കാനും ഒരു ഉത്തമ സഹായിയാണ് വായന. അതുപോലെതന്നെ, കൂടുതൽ കൂടുതൽപുതുമകൾ

ഉൾപ്പെടുത്തി വായനയെയും ആഘോഷമാക്കി മാറ്റുവാൻ നമുക്ക് സാധിക്കും.

ഇന്നത്തെ ഏറ്റവും നല്ല വായനക്കാരനായ കുട്ടിയാണ് നാളത്തെ ഏറ്റവും നല്ല കരുത്തുനായ നേതാവ് എന്ന് അർത്ഥത്തിൽ ഒരു പഴഞ്ചൊല്ലുണ്ട്.

Reader today is the leader tomorrow.

മനസ്സിനെ വളർത്താനും നേട്ടങ്ങളുടെ കൊടുമുടിയിൽ എത്താനും സഹായിക്കുന്ന ഏറ്റവും വീര്യമുള്ള ഔഷധമാണ് 'വായന' പടിവാതിക്കൽ തന്നെ സുലഭമായി ഈ ദിവ്യഔഷധം കണ്ടില്ലെന്ന് നടിക്കരുത്, ഉപയോഗിക്കാൻ മറക്കരുത്. നഷ്ടപ്പെടുത്തുവാൻ അനുവദിക്കരുത്.

-സഞ്ജയ് സുബാഷ്

# വളരാതിരിക്കുവില്ലയെങ്കിലും

ആദ്യത്തെയക്ഷരം അമ്മ
ആദിമദ്ധ്യാന്തത്തിലമ്മ
അമ്മിഞ്ഞപ്പാലിലും താരാട്ടിലും
ഊറിനില്ക്കുന്നതീ നന്മ

അന്തരംഗത്തിലെ ശ്രീകോവിലിൽ വാഴും
അക്ഷയസ്നേഹമാണമ്മ
കാറ്റാടിമേട്ടലെ കൗതുകവാർത്തയും
ചൊല്ലിയുറക്കുമെന്നമ്മ
ഞാൻ കരയുമ്പോഴും ഞാൻ ചിരിക്കുമ്പോഴും
കൂടെ കരയുവാൻ കൂടി ചിരിക്കുവാൻ
കൂടിയാലോചിച്ച് ആളെക്കളിയാക്കാൻ
കൂട്ടുകൂടുവാനാരതെന്നമ്മ
അറിവിൽനിന്നും തിരിച്ചറിവിലേക്കും
ഇരുളിൽനിന്നും വെളിച്ചത്തിലേക്കുമി-
ന്നെന്നെപിച്ചവെച്ചീടുമെന്നമ്മേ
അന്നപൂർണ്ണേശ്വരീ! എത്രവളർന്നാലുമമ്മ-
ത്തന്നേമനകുഞ്ഞായി വാഴുവാൻ
ഒന്നേവരം തരു ദേവീ! -രാകേന്ദു.എസ്

## ഞാൻ ഓടാനുള്ള കാരണം

“സന്തോഷം, സ്കൂൾ നേരത്തെ വിട്ടു"
ഞാനും ,സോനുയും ,അഖിലയും,അഭിഷേകും,അർ
ജുനും,ക്രിസ്റ്റിയും നല്ല കൂട്ടാണ്. ഞങ്ങൾ സ്റ്റാന്റിൽ

നിന്നാണ് ബസ്സ് കയറാറ്. ഞങ്ങളെല്ലാരും കൂടി സ്റ്റാന്റിലേക്കു നടന്നു. ഒരുപാട് ബസ്സുകൾ കിടപ്പുണ്ട്. ഞാൻ ബസ്സുകളുടെ ബോർഡുകൾ ഓരോന്നോരന്നായി വായിച്ചു. മെർക്കുറി,വീനസ്, എർത്ത്,മാർസ്,ജൂപ്പിറ്റർ വഴി സാറ്റേണേ,സാറ്റേണേ,സാറ്റേണേ....”
നേരത്തെ വിട്ടതല്ലേ?

ഒന്നു കറങ്ങിയിട്ടു പോവാൻ ഞങ്ങളങ്ങു തീരുമാനിച്ചു.മാർസിലോട്ടുള്ള വണ്ടിയിൽ കയറി. ഡ്രൈവറോടു ചോദിച്ചു.
“ചേട്ടാ വണ്ടി ഇപ്പോ എടുക്കുവോ"

തിരിച്ചൊരു രസികൻ മറുപടി

“ഒറ്റയ്ക്കു പറ്റില്ല. എല്ലാവരുംകൂടെ ആഞ്ഞു പിടിച്ചാൽ ഈസിയായിട്ട് പോകാം". ഇതും പറഞ്ഞ് അയാൾ ഒന്ന് “ആക്കി" ചിരിച്ചു. മറ്റു ചില യാത്രകാർ ചോദിച്ചപ്പോൾ അയാൾ പറഞ്ഞു. ഇനിയും അഞ്ച് മിനിറ്റ് ഉണ്ടെന്ന്. ഞാനും സോനയും ഒരുമിച്ചാണ് ഇരുന്നത്. ആ സമയം ഒട്ടുമിക്കാൽ ബസുകളും സർവ്വീസിന് പോയിക്കഴിഞ്ഞിരുന്നു. ഞങ്ങൾ ബസ്സിന്റെ പാതി വിജനമായ ഭാഗത്തേക്ക് നോക്കി. അപ്പോഴും കാണാം ഓരോ ബസ്സിനു മുന്നിലും ജൂപ്പിറ്ററേ,യുറാനസേ..... എന്നൊക്കെ പറയുന്ന വാഹന ജീവനക്കാർ.

വണ്ടി സ്റ്റാർട്ട് ചെയ്തു. ഞങ്ങൾ മുൻപിലാണ് ഇരുന്നത്.പുറകിലേക്ക് നോക്കി. ഞങ്ങൾ കൂട്ടുക്കാരല്ലാതെ കുറച്ചുപേർമാത്രം ഞങ്ങൾ ആറു ടിക്കറ്റ് വാങ്ങി. ഓരോ സ്റ്റേഷനിലും നിറുത്തി. മെർക്കുറിലും വീനസിലുമൊക്കെ. യാത്രക്കാർ കയറുകയും ഇറങ്ങുകയും ചെയ്തു. ഇടയ്ക്കൊരു വാൽനക്ഷത്രത്തെയും കണ്ടു. കുറച്ച്അന്യഗ്രഹ ജീവി പേടകങ്ങളെയും ഉപഗ്രഹങ്ങളെയും കണ്ടു.വീനസ് കഴിഞ്ഞു. ഭൂമിയുടെ ഇടതു വശത്തുകൂടി ഞങ്ങൾ ഭൂമിയെ കടന്നുപോയി. കുറച്ചു കഴിഞ്ഞപ്പോൽ ഞങ്ങൾ ആകാശപ്പാതയിലൂടെ സഞ്ചരിച്ച ബസ്സിനുചുറ്റും കവചം പോലെ അന്യഗ്രഹജീവിപേടകങ്ങൾ. ഇനി ബസ്സിൽ അവശേഷിക്കുന്നവർ ഞങ്ങൾ ആറു പേർ മാത്രം. ചൊവ്വായിലെത്തിയതും ഞങ്ങളുടെ ചുറ്റുമുണ്ടായിരുന്ന കവചം മാറ്റപ്പെട്ടു. അങ്ങനെ ഞങ്ങൾ വളരെ സന്തോഷപൂർവ്വം സ്റ്റോപ്പിലിറങ്ങി. ആ സ്റ്റോപ്പിൽ നിറയെ ആളുകൾ. പൊക്കം കുറഞ്ഞ്,കൊമ്പുള്ള,ഉറുണ്ട ,നീളൻ മൂക്കുള്ള അവരെല്ലാവരും കറുത്ത വസ്ത്രം അണിഞ്ഞിരുന്നു. അവരിൽ കുറെപേർ ഞങ്ങളോടു കയർത്തു. അവർ പറഞ്ഞത് 'ജബജബാ' ന്ന് ഞങ്ങൾ കേട്ടു നിന്നു. കാരണം ഞങ്ങൾ

ഇന്നുവരെ കേട്ടിട്ടില്ലാത്ത ഒരു ഭാഷ അവരിൽ ഒരാൾ മൂന്നു ചങ്ങലകൊണ്ടു വന്നു. മൂന്നിന്റെയും അറ്റത്ത് ഈ രണ്ട് വള. ഞാൻ ആ ചങ്ങലയെ നോക്കി നിൽക്കെ അവർ ഞങ്ങളുടെ ഓരോ കയ്യിലും വിലങ്ങുവച്ചു. ഞങ്ങൾ ഒരുപാട് കരഞ്ഞു പറഞ്ഞു, അവർ കേട്ടില്ല. ചൊവ്വായിലെ ഏറ്റവും വലിയ സമുദ്രത്തിന്റെ നടുവിൽ ഒരു കോട്ട. ഞങ്ങളെ അവർ കോട്ടയിലേക്ക് വലിച്ചിഴച്ചു കൊണ്ടുപോയി.

-ദേവികൃഷ്ണമധു

## സ്വപ്നത്തിന്റെ ശക്തി

സ്വപ്നങ്ങൾ ശക്തികളാണ് അത് നമ്മുടെ ജീവിതത്തെ ശക്തിപ്പെടുത്തുന്നു സ്വപ്നങ്ങൾക്ക് സംസാരിക്കാൻ കഴിയും അത് ആഗ്രഹത്തെക്കുറിച്ച് സംസാരിക്കുന്നു ജീവിതം ഒരു വലിയ സമുദ്രമാണ് സ്വപ്നങ്ങൾ അതിന് വഴിയൊരുക്കുന്നു ജീവിതം ഒരു ചോദ്യമാണ് സ്വപ്നങ്ങൾ അതിന് ഉത്തരം നൽകുന്നു സ്വപ്നം ചുറ്റികയാണ് ഇത് ജീവിതം ശരിയാക്കാൻ

സഹായിക്കുന്ന സ്വപ്നത്തിന് ബന്ധിപ്പിക്കാൻ കഴിയും
നമ്മുടെ ജീവിതത്തിലേക്കുള്ള വഴി ജീവിതം ദൈവത്തിന്റെ
ദാനമാണ് സ്വപ്നം വിലപ്പെട്ടതാണ് നല്ല സ്വപ്നങ്ങൾ
സൂക്ഷിക്കുക സ്വപ്നങ്ങൾ നിങ്ങളെ വിളക്കുകളിലേക്ക്
കൊണ്ടുപോകുന്നു.

-അഖില എം.സുരേഷ്

# വികൃതികൾ ബ്ലിം!

കൂട്ടുകാരായ കുരങ്ങന്മാരായിരുന്നു കിച്ചുവും മിച്ചുവും
കിട്ടുവും.മഹാവികൃതികളായിരുന്നു അവർ.ഒരു ദിവസം
ഗ്രാമത്തിലെത്തിയ അവർ
ഒരാൾ ചിത്രം വരയ്ക്കുന്നതു കണ്ടു.ഹയ്യട! ഇതുകൊണ്ട്
എല്ലംവരെയും ഒന്നു പറ്റിക്കാം.മൂന്നു പേരും കൂടി
അയാളുടെ ബ്രഷും ചായവും തട്ടിയെടുത്ത്
കാട്ടിലേക്കോടി.
കാട്ടിലെത്തിയ അവർ ആദ്യം കണ്ടത് വീരൻ
കാണ്ടാമൃഗത്തെയാണ്.
വീരാ നിന്റെ ദേഹത്ത് ഞങ്ങൾ ചിത്രം വരച്ചുതരാം
വികൃതിക്കുരങ്ങന്മാർ വിളിച്ചു പറഞ്ഞു.ശരി വേഗമാകട്ടെ
വീരൻ പറഞ്ഞു മൂന്നുപേരും വീരന്റെ മുതുകത്തു

ബ്രഷുകൊണ്ട് കുത്തിവരയ്ക്കാൻ തുടങ്ങി. ഹി ഹി നല്ല തമാശ! അവർ പതുക്കെ പറഞ്ഞു. അപ്പോഴാണ് വീരൻ കുറച്ചകലെ ഒരു വാഴക്കുല പഴുത്തു നിൽക്കുന്നതു കണ്ട്.ഹയ്യടാ!കൊതിയ നായ വീരൻ അങ്ങോട്ട് ഒറ്റയോട്ടം!കിച്ചുവും മിച്ചുവും കിട്ടുവും പൊത്തോം എന്നു താഴെവീണു.വികൃതികൾക്കു ശരിക്കും വേദനിച്ചു.അവർ വേഗം സ്ഥലം വിട്ടു.

-ഏബൽ കെ.അബി

## ഗ്രീൻ ലഷ്

പച്ചനിറം എവിടെ നിന്ന് വാടിപ്പോയി?
നിങ്ങളുടെ രക്തം പുറത്തേക്ക് ഒഴുകുന്നത് നിങ്ങൾ
തിരിച്ചറിഞ്ഞില്ല
ചുഴലിക്കാറ്റ് പക്ഷികൾ ദൂരെയുള്ളപ്പോൾ
നിങ്ങളുടെ ചെവി മെറ്റൽ -ഹാർഡിലേക്ക് തിരിഞ്ഞോ?
പൂക്കൾ അഗ്നിജ്വാലയിലേക്ക് കുതിച്ചപ്പോൾ
നിങ്ങൾ ജിഗ്സ കോൺക്രീറ്റ് കാടുകളിലായിരുന്നു.
കനത്ത മരം കടപുഴകി വീഴുമ്പോൾ
നിങ്ങൾ ജീവിതത്തിന്റെ ശാഖകൾ മുറിച്ചു
ഓരോരുത്തരുടെയും സംസാരത്തെക്കുറിച്ച്
നിങ്ങൾ ഉപദ്രവിച്ചു മഴയുടെയും നദിയുടെയും ഓരോ
തുള്ളിയും നിങ്ങൾ വിഷലിപ്തമാക്കി

പർവതത്തിലെ എല്ലാ കല്ലുകളും നിങ്ങൾ തകർത്തു
ഇവ സംരക്ഷിക്കാൻ വൈകിയിട്ടില്ല
ഭാവിക്കായി, ഒരു സ്മാരകമായി പോലും,
വാടിപ്പോകുന്ന ഒരു കണ്ണാടി.

-അധീദി സന്തോഷ

# ഒരു സാൻഡ്ഢ്വിച്ച്

ഒരിക്കൽ ചിക്കുവും മിക്കുവും സ്കൂളിലേക്ക് എഴുന്നേറ്റു. പ്രഭാതഭക്ഷണം കഴിക്കാതെ ഞങ്ങൾ സ്കൂളിൽ പോകുമെന്ന് ചിക്കു പറഞ്ഞു. മിക്കു പറഞ്ഞു ഓ, ഇല്ല, ചിക്കു, ഞങ്ങളുടെ ടീച്ചർ പറഞ്ഞു, ഞങ്ങൾ ഒരിക്കലും പ്രഭാതഭക്ഷണം കഴിക്കാതെ സ്കൂളിൽ പോകരുത്
ചിക്കു ഫ്രിഡ്ജ് തുറന്ന് ഒരു കുക്കുമ്പർ, തക്കാളി, കാപ്സിക്കം എന്നിവ കണ്ടെത്തി ഇത് മറ്റൊന്നുമല്ലെന്ന് പറഞ്ഞു ........ മിക്കു പറഞ്ഞു ശരി ചിക്കു നമുക്ക് രുചികരമായ എന്തെങ്കിലും പരീക്ഷിക്കാം! നോക്കു നമുക്ക് അപ്പം ഉണ്ടോ? അതെ ചിക്കു പറഞ്ഞു.
അങ്ങനെ അവർ ഒരു റൊട്ടി കഷ്ണം എടുത്ത് വെള്ളരി, തക്കാളി, കാപ്സിക്കം എന്നിവ മുറിച്ചു
ഉപ്പും കുരുമുളകും വിതറി അതിശയകരമായ ഒരു സാൻഡ്‌വിച്ച് തയ്യാറാക്കി സന്തോഷത്തോടെ സ്കൂളിൽ പോയി.


-സിന്ധു കുരിയൻ

# വയലിൻ മാന്ത്രികൻ  ബാലഭാസ്കർ



വയലിൻ എന്ന സംഗീതോപകരണത്തെ ഇത്രത്തോളം ജനപ്രിയമാക്കിയതിൽ വലിയൊരു പങ്കപഹിച്ചയാളാണ് ബാലഭാസ്കർ. സാധാരണയായി കച്ചേരികളിൽ മാത്രം കണ്ടിരുന്ന വയലിനിൽ ഫ്യൂഷനും തന്റേതായ ശൈലികളും കോർത്തിണക്കി ബാലഭാസ്കര് ഇന്ദ്രജാലം തീർത്തു. ആരെയും അമ്പരപ്പിക്കുന്നത്ര വേഗത്തിലായിരുന്നു. ബാലഭാസ്കർ എന്ന കലാകാരന്റെ വളർച്ച സംഗീതം ബാലഭാസ്കറിന്റെ രക്തത്തിൽ  അലിഞ്ഞുചേർന്നതാണ്. സിദ്ധികൊണ്ട് വയലിനിൽ തനതായൊരുവാദനശൈലി.അതായിരുന്നു ബാലഭാസ്കറിന്റെ സംഗീതം. കേൾക്കുന്നവരുടെ

മനസ്സറിഞ്ഞ് ആ സംഗീതമൊഴികിമ്പോൾ ബാലുവിന്റെ വയലിൻ നാദത്തിന്റെ ബാക്കി ആരാധകർ ഏറ്റുപാടി.
മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമയി സിനിമ സംഗിതവും ശാസ്ത്രിയ സംഗീതവും ബാലഭാസ്കർ ഒന്നിച്ചു കൊണ്ടുപോയി. മൂന്നാം വയസ്സിൽ അമ്മാവനും പ്രശസ്ത വയലനിസ്റ്റുമായ ബി.ശശികിമാറാണ് ബാലുവിനെ വയലിന്റെ മാസ്മരിക ലോകത്തിലേക്ക് കൈപിടിച്ചുയർത്തിയത്. 12-ാം വയസ്സിൽ ആദ്യ കച്ചേരി നടത്തി. 17-ാംവയസ്സിൽ'മംഗല്ല്യപ്പല്ലക്ക്'എന്ന ചിത്രത്തിലൂടെ മലയാളതത്തിലെ ഏറ്റവും പ്രായം കുറഞ്ഞസംഗീതസംവിധായകനായി. ബാലഭാസ്കർ എന്ന പ്രതിഭപ്രിയപ്പെട്ടവരുടെ സ്വന്തം ബാലുവായിരുന്നു. വയലിൻ തന്ത്രികളിൽ ബാലുവിന്റെ വിരലുകൾ മായാജാലം തീർത്തു. മലയാലിക്ക് സുപരിചിതമല്ലാത്ത ഇലക്ട്രിക് വയലിനിലൂടെ ആസ്വാദകരുടെ മനം കവർന്നു.


യുണിവേഴ്സിറ്റി കോളജിലേ

പഠന കാലത്തു 'കൺ-ഫ്യൂഷൻ' എന്ന ബാൻഡ് രൂപം കൊണ്ടു. പിന്നീട് 'ദ് ബിഗ് ബാൻഡ് 'തുടക്കമിട്ടു. ബാലഭാസ്കറിന്റെ 'ബാലലീല' എന്ന ബാൻഡ് ഏറെ പ്രശസ്തമായിരുന്നു . ബാലഭാസ്കർ എന്ന പേരിനർത്ഥം ഉദയ സൂര്യൻ എന്നാണ്. സംഗീത ലോകത്ത് ജ്വലിച്ച് ന്ന്ന സൂര്യൻ തന്നെയായിരുന്നു ബാലഭാസ്കർ. എ.ആർ. റഹ്മാൻ, സാക്കീര് ഹിസൈൻ ,ലൂയിസ് ബാങ്ക്, മട്ടന്നൂർ ശങ്കരൻ കുട്ടി , ശിവമണി , രഞ്ജിത് ബാരാട്ട്, കാൾ പീറ്റർ, ഫസർ ഖുറൈസി തിരുടങ്ങയവരുമായെല്ലാം ഫ്യൂഷൻ സംഗീത വേദി പങ്കിട്ടു . സംഗീത സംവിധാനത്തിൽ നിന്നും പിൻവാങ്ങിയ ബാലഭാസ്കർ 'നിനക്കായ്' ‘ആദ്യമായി ' തുടങ്ങിയ ആൽബങ്ങളിലുടെ ഏറെ ശ്രദ്ധേയനായി . കണ്ണാടികടവത്ത്,പഞ്ചജന്യം,മോക്ഷം, പാട്ടിന്റെ പാലാഴി,എന്നി ചിത്രങ്ങളിലും സംഗീത സംവിധായകനായി. ‘പാട്ടിന്റെ പാലാഴി 'എന്ന ചിത്രത്തിൽ വയലിൻ വായിച്ച് മീരാജാസ്മിനൊപ്പം അഭിനേതാവിന്റെ വേഷത്തിലും ബാലഭാസ്കർ പ്രത്യക്ഷപ്പ സിനിമാലോകം മുന്നിലുണ്ടായിട്ടും ആ വഴി തിരഞ്ഞെടുക്കാൻ ബാലു തായ്യാറായില്ല. വയലിന്

സംഗീതത്തിൽ തന്റേതായ ഒരിടമായിരുന്നു ബാലഭാസ്കർ ലക്ഷ്യം. ഇന്ത്യയ്ക്ക് അകത്തും മറ്റും 30 രാജ്യങ്ങളിലായി പ്രമുഖരോടൊപ്പം ബാലഭാസ്കർ വേദി പങ്കിട്ടു. ഉറ്റസുഹൃത്തായ സ്റ്റിഫൻ ദേവസിയോടൊപ്പമുള്ള പരിപാടികൾ ഏറെ ജനപ്രിയമായിരുന്നു. 2008-ൽ കേന്ദ്ര സംഗീത നാടക അക്കാദമിയുടെ ബിസ്മില്ല ഖാൻ യുവ സംഗീത പുരസ്കാരം ബാലഭാസ്കറിനെ തേടിയെത്തി. ആകസ്മികമായുണ്ടായ ബാലഭാസ്കറിന്റെ വിയോഗം സുഹൃത്തുക്കളുടെയും ആരാധകരുടെയും മനസ്സിൽ തീരാനോവായി മാറി. എങ്കിലും ബാലഭാസ്കറും അദ്ദേഹത്തിന്റെ മായാത്ത ചിരിയും മാന്ത്രിക സംഗീതവും എന്നും ജനഹൃദയങ്ങളിൽ മായാതെ നിൽക്കും.



-ആതിര ബിജു

# ഇന്ധനം

എപ്പോഴാണ് ഇന്ധനത്തിനായി കുഴിക്കൽ ആരംഭിച്ചത്?
സസ്യങ്ങളുടെയും മൃഗങ്ങളുടെയും അവശിഷ്ടങ്ങളിൽ നിന്നാണ് എണ്ണയും പ്രകൃതി വാതകങ്ങളും രൂപപ്പെട്ടത്, അതിനാലാണ് അവയെ ഫോസിൽ ഇന്ധനങ്ങൾ എന്ന് വിളിക്കുന്നത്.
ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഉപ്പും ചെളിയും പാറകളും സഹിതം സസ്യങ്ങളും മൃഗങ്ങളും കടൽത്തീരത്ത് താമസിക്കുമ്പോൾ ഇത് സംഭവിച്ചു.
എ ഡി 300 ൽ, ഉപ്പുവെള്ളത്തിനായി തുരന്നുകൊണ്ടിരിക്കുമ്പോൾ, ചൈനക്കാർ ആകസ്മികമായി പ്രകൃതിവാതകം കണ്ടു, അത് എങ്ങനെ വേർതിരിച്ചെടുക്കാമെന്നും ബിസി ഒൻപതാം നൂറ്റാണ്ടിൽ നിന്ന് പഠിച്ചതായും മിഡിൽ ഈസ്റ്റിലെ ആളുകൾ ടാറി ബിറ്റുമെൻ കത്തിച്ചു, അത് ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് ഒഴുകുന്നത് കണ്ടെത്തി. 1908-ൽ ഇരുമ്പിലെ മാസിഡ് സോളിമാൻ നഗരത്തിന് സമീപം വില്യം ഡി ആർസി ധനസഹായം നൽകിയ ബ്രിട്ടീഷ് പ്രോസ്പെക്ടിംഗ് ടീം എണ്ണ കണ്ടെത്തി. ഈ സംഭവം മിഡിൽ ഈസ്റ്റിന്റെ ചരിത്രത്തെ ഗണ്യമായി മാറ്റി.
ജ്വലന എഞ്ചിൻ, പെട്രോൾ എഞ്ചിനുകൾ ഓടിക്കുന്ന വാഹനങ്ങൾ എന്നിവ കണ്ടുപിടിച്ചതിനുശേഷം പെട്രോളിന്റെ ആവശ്യം വർദ്ധിച്ചു.

- കാർത്തിക് ജി

# ഒരു ഇവന്റ്വൽ മെറ്റാമോർഫോസിസ്

എന്റെ ജീവിതത്തിലെ ഭയാനകമായ കളിമണ്ണായിരുന്നു അത്.
ഞാൻ ഒരു ഓട്ടത്തിലാണെന്ന് മനസ്സിലാക്കിയപ്പോൾ
ജീവിതം ഒരു ഓട്ടമാണ്, എനിക്ക് ഓടണം ..........
പക്ഷെ ഞാൻ എന്റെ സ്വന്തം വഴിയിൽ ക്രാൾ
ചെയ്യുകയായിരുന്നു.
മറ്റെല്ലാ സൃഷ്ടികൾക്കും ഹൃദയമിടിപ്പ് ഉണ്ടായിരുന്നു;
വേഗത്തിലുള്ള നീക്കങ്ങളും പരിഹാസ്യമായ മുഖവും.
എന്റെ ആന്തരിക പിശാചുക്കൾ എന്നെ കൂടുതൽ
ഉത്കണ്ഠാകുലരാക്കി മറ്റ് ജീവികൾ എന്നെ കുറ്റപ്പെടുത്തുന്നത്
എനിക്ക് കാണാൻ കഴിഞ്ഞു ഒരേ പാത ഒന്നിനു പുറകെ ഒന്നായി
പിന്തുടരുന്നു.ഒരു പ്യൂപ്പയെന്ന നിലയിൽ ഞാൻ എന്റെ സ്വന്തം
വഴിയിലൂടെ സഞ്ചരിക്കുകയായിരുന്നു
ഞാൻ നഷ്ടപ്പെട്ടില്ലെന്ന് ഞാൻ വിശ്വസിച്ചു. ഞാൻ ചിറകുകൾ
വിരിച്ചു വിശാലമായ നീലാകാശത്തിൽ ഞാൻ കുതിച്ചു ...
എന്നിട്ടും മറ്റ് ജീവികൾ എന്റെ താഴെയായിരുന്നു.
അതേ പാത പിന്തുടർന്ന്, കണ്ണുകൾ പുറത്തേക്ക്.

-അനഘ മഹേഷ്

# ഇപ്പോഴും കാത്തിരിക്കുന്നു

ഞാൻ ഇപ്പോഴും അവളെ എന്റെ ഏറ്റവും നല്ല സുഹൃത്തായി കാണുന്നു. എന്റെ ഉത്തമസുഹൃത്തായി ഞാൻ അവളിലൂടെ സഞ്ചരിക്കുന്നു. ഞാൻ അവളുടെ ഓർമ്മകളിലൂടെ അലയുകയാണ്. ഒരിക്കൽ ഞങ്ങൾ ആത്മാവിന്റെ ഇണകളെപ്പോലെയായിരുന്നു, അവൾക്ക് ആദ്യം എന്തെങ്കിലും സങ്കടമുണ്ടെങ്കിൽ അവൾ അത് എന്നോട് പങ്കിടും. എന്നിട്ട് അവൾ എന്നെ ആശ്വസിപ്പിച്ചു. എന്റെ ശരീരം അവളുടെ ചെറിയ കണ്ണുനീർ തുള്ളികളാൽ നിറഞ്ഞിരുന്നു. അതിനുമുമ്പ് ഞാൻ അവളുടെ അടുത്താണ്, അത്തരമൊരു ബന്ധം, ഞങ്ങൾ സൂക്ഷിച്ചു.
എന്നാൽ കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, മൃദുവും ഭംഗിയുള്ളതും കൂടുതൽ സുന്ദരിയുമായ ഒരു പുതിയ കൂട്ടുകാരിയെ അവൾക്ക് ലഭിച്ചപ്പോൾ ഇവയെല്ലാം തകർന്നു. ഇപ്പോൾ എനിക്ക് ഒരു അനാഥനെപ്പോലെ തോന്നുന്നു. തീർത്തും ദു sad ഖവും അനാരോഗ്യവും, ആരും പരിപാലിക്കാൻ ഇല്ല, സ്നേഹിക്കാൻ ആരുമില്ല. പക്ഷെ ഞാൻ അവളോട് ദേഷ്യപ്പെടുന്നില്ല. പകരം, സ്നേഹം നിറഞ്ഞ ഹൃദയത്തോടെ, ഇയാം പ്രതീക്ഷയോടെ കാത്തിരിക്കുന്ന എന്റെ വേദന മനസിലാക്കി മടങ്ങുകനിന്റെ മാത്രംതലയണ.

-നന്ദന എസ്.

## തലയുടെ ജ്ഞാനം ഹൃദയത്തിന്റെ ജ്ഞാനവും

- ചാൾസ് ഡിക്കൻസ്

തലയുടെ ജ്ഞാനമുണ്ട്, ഹൃദയത്തിന്റെ ജ്ഞാനവുമുണ്ട്. "ഇത് ഇംഗ്ലീഷ് നോവലിസ്റ്റ് ചാൾസ് ഡിക്കൻസിന്റെ പ്രസിദ്ധമായ ഒരു ഉദ്ധരണിയാണ്. ഇത് അദ്ദേഹത്തിന്റെ 'പ്രയാസകരമായ സമയങ്ങളിൽ' നിന്ന് എടുത്തതാണ് ലോകത്തിലെ അപൂർവതകളാണ് തലയുടെ ജ്ഞാനവും ഹൃദയത്തിന്റെ ജ്ഞാനവും ഏറ്റവും കൂടുതൽ അന്വേഷിക്കുന്നത്.

രണ്ട് തരത്തിലുള്ള ജ്ഞാനത്തെയും ദിവ്യ പക്വതയുമായി ഉപമിക്കാം, അത് ധാരാളം അനുഭവങ്ങൾക്ക് ശേഷം നേടുന്നു. തലയുടെ ജ്ഞാനത്തെ സൂപ്പർ ഇന്റലിജൻസുമായി ബന്ധിപ്പിക്കാൻ കഴിയും. അതേസമയം തലയുടെ ജ്ഞാനം അവബോധത്താൽ നയിക്കപ്പെടുന്ന സൂപ്പർ വൈകാരിക ബുദ്ധിയുമായി ബന്ധിപ്പിക്കാൻ കഴിയും. ഏത് ജ്ഞാനമാണ് നല്ലത് എന്ന് നമുക്ക് പറയാനാവില്ല. ജ്ഞാനം ആത്യന്തിക സ്വത്താണ്; രണ്ട് തരങ്ങളിൽ ഏതെങ്കിലും ഒന്ന് ഉടമസ്ഥനെ മത്സരാധിഷ്ഠിതവും വിജയകരവുമാക്കാൻ പര്യാപ്തമാണ്.

-അഞ്ജു മറിയം വർഗ്ഗീസ്

# നാളെ ചെയ്യാനുള്ളത് ഇന്ന് ചെയ്യുക

ഏതാണ് ഏറ്റവും നല്ല ദിവസം? ഇന്നാണ് ഏറ്റവും നല്ല ദിവസം ഡാൻ കസ്റ്ററുടെ ചിന്തോദീപക വാക്കുകൾ.വരും കാലം ആരംഭിക്കുന്നത് നാളെയല്ല ഇന്നാണ് എന്നു പറഞ്ഞ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയും നമ്മുക്ക് പറഞ്ഞുതന്നത്

നഷ്ടപ്പെടുതിയാൽ തിരികെ ലഭിക്കാത്ത സമയത്തിന്റെ വിലയാണ്.
സമയത്തിന്റെ വില മനസ്സിലാക്കാൻ സാധാരണയായി പറയുന്ന ഒരു ചിന്താശകലമുണ്ട്.
ഒന്നും ചെയാനാവാത്ത ജീവിതങ്ങളെ കാണുമ്പോൾ ആയുസിന്റെ വില മനസ്സിലാവുന്നു.
ഒരു വർഷത്തിന്റെ മുല്യമറിയാൻ പരീഷയിൽ തോറ്റ വിദ്യാർ തിയോട് ചോദിക്കണം.
ഒരാഴ്ചയുടെ മുല്യമറിയാൻ ആഴ്ചപ്പതിപ്പിന്റെ എഡിറ്ററോട് ചോദിക്കണം.
ഒര മണിക്കുറിന്റെ മൂല്യമറിയാൻ തമ്മിൽ കാണാൻ കാത്തിരിക്കുന്ന കമിതാക്കളോട് ചോദിക്കണം.
ഒരു മിനിറ്റിന്റെ മൂല്യമറിയാൻ ട്രെയിൻ കിട്ടാത പോയ യാത്രക്കാരോട് ചോദിക്കണം
സെക്കന്റുകളുടെ മൂല്യമറിയാൻ ഓട്ടത്തിൽ മെടൽ നഷ്ട്മായ കായികതാരത്തോട് ചോദിക്കണം.
ഈ ചോദ്യങ്ങളും അതിന്റെ ഉത്തരങ്ങളും വിരൽ ചൂണ്ടുന്നത് സമയത്തിന്റെ വിലയിലേക്കാണ്.ലഭ്യമായ സമയത്തെ ഫലപ്രദമായി ഉപയോഗിക്കുകയല്ലാത നമുക്കൊന്നും ചെയാനില്ല .സമയം നമ്മുക്ക് സംഭരിക്കാൻ കഴിയില്ല.പൂട്ടിവയ്ക്കാനും സാധ്യമല്ല പക്ഷെ,  ചെലവഴിക്കാം.നാം സമയത്തെ കൊന്നാൽ ജീവിതം തന്നെ നശിക്കും.അതിനാൽ സ്വന്തം താളത്തിലൊഴുകുന്ന സമയത്തെ കൈപ്പിടിയിലൊതുക്കാൻ നാം ഒരുങ്ങണം.
സമയത്തിന്റെ വിനിയോഗത്തെക്കുറിച്ചുള്ള നമ്മുടെ ചിന്താഗതികളിൽ മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാമിന്റെ വാക്കുകൾ തെളിക്കട്ടെ

"നാളെ ചെയാനുള്ളത് ഇന്ന് ചെയ്യുക
ഇന്നു ചെയ്യാനുള്ളത് ഇപ്പോൾ ചെയ്യുക"

തുഷാര.സ

# LITTLE KITES GALLERY





# MOTHER EMPOWERMENT









# ONAM






PHOTOGRAPHY
DEVANANDAN S
AKHILESH R




LITTLE KITES 2018-2019 MAGAZINE LINK

**HTTPS://SCHOOLWIKI.IN/IMAGES/6/6E/33037-MDS_KOTTAYAM-2019.PDF**